## കേരള സർക്കാർ

## കേരള സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

## (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

# ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്—2015

# പ്രോസ്പെക്റ്റസ്

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ വച്ച് സ്റ്റേറ്റ് ലൈബ്രേറിയൻ കോഴ്സ് ഡയറക്ടറായി എസ്.എസ്.എൽ.സി. പാസായവർക്ക് വേണ്ടി ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ (സി.എൽ.ഐ.എസ്.സി.) സർട്ടിഫിക്കറ്റ് കോഴ്സ് ഓരോ വർഷവും നടത്തുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് ലൈബ്രറി സയൻസിന്റെ അടിസ്ഥാന തത്വങ്ങൾ, നിയമങ്ങൾ, ലൈബ്രറികളുടെ ഘടന, നടത്തിപ്പ്, ലൈബ്രറികൾ നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം ലഭിക്കുന്നു. ഇതു വഴി സ്ക്കൂൾ, കോളേജ് ലൈബ്രറികൾ, പബ്ലിക് ലൈബ്രറികൾ, സ്പെഷ്യൽ ലൈബ്രറികൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അറിവും പരിശീലനവും നേടാവുന്നതാണ്. സംസ്ഥാന പരീക്ഷാ കമ്മീഷണറാണ് ഈ കോഴ്സിന്റെ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത്.

**കോഴ്സ് കാലാവധി**

സി. എൽ. ഐ. എസ്. സി. കോഴ്സിന്റെ കാലാവധി ആറുമാസമായിരിക്കും. ഇതിൽ ജി.ഒ. (ആർറ്റി.) നമ്പർ 1815/05/ഉ.വി.വ. തീയതി 25-10-2005 അനുസരിച്ചുള്ള "ഏൺ വൈൽ യു ലേൺ" പദ്ധതി പ്രകാരം 4 മാസം പഠനവും 2 മാസം തൊഴിൽ പരിചയവുമായിരിക്കും. "ഏൺ വൈൽ യു ലേൺ" പദ്ധതി പ്രകാരം തൊഴിൽ പരിചയം നേടുന്ന അവസാനത്തെ രണ്ടു മാസക്കാലം വിദ്യാർത്ഥികൾക്ക് പ്രതിമാസം 900 രൂപ വീതം വേതനം ലഭിക്കുന്നതാണ്. വകുപ്പുതല സെലക്ഷൻ ലഭിക്കുന്നവർക്ക് വേതനം ലഭ്യമല്ല.

**പ്രവേശന യോഗ്യത**

എസ്.എസ്.എൽ.സി. പരീക്ഷയിലെ വിജയമാണ് അടിസ്ഥാന യോഗ്യത. പ്രസ്തുത പരീക്ഷയിലെ മാർക്ക്/ഗ്രേഡ് എന്നിവ മാത്രമാണ് പ്രവേശനത്തിനുള്ള മാനദണ്ഡം.

**പഠനവിഷയങ്ങൾ**

ആറ് പേപ്പറുകളാണ് പഠനത്തിനായി ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ലൈബ്രറി ഓർഗനൈസേഷൻ & മാനേജ്മെന്റ്
2. ലൈബ്രറി ക്ളാസിഫിക്കേഷൻ & കാറ്റലോഗിങ്ങ് (തിയറി)
3. ലൈബ്രറി ക്ളാസിഫിക്കേഷൻ (പ്രാക്ടീസ്)
4. ലൈബ്രറി കാറ്റലോഗിങ്ങ് (പ്രാക്ടീസ്)
5. ഇൻഫർമേഷൻ സോഴ്സസ് & സർവ്വീസസ്
6. ഇൻഫർമേഷൻ ടെക്നോളജി.

**പരീക്ഷാരീതി**

കോഴ്സ് പൂർത്തിയാകുന്നതിനൊപ്പം മേൽപറഞ്ഞിട്ടുള്ള ആറ് പേപ്പറുകൾ ഉൾപ്പെടുന്ന സംസ്ഥാന പരീക്ഷാ കമ്മീഷണർ നടത്തുന്ന എഴുത്തു പരീക്ഷ ഉണ്ടായിരിക്കും. രണ്ടു മണിക്കൂർ വീതം ദൈർഘ്യമുള്ള എഴുത്തു പരീക്ഷയ്ക്ക് ആകെ 500 മാർക്കാണ്. ഇതിൽ പ്രാക്റ്റിക്കൽ പേപ്പറുകൾക്ക് 50 വീതവും, തിയറി പേപ്പറുകൾക്ക് 100 മാർക്ക് വീതവുമായി നിജപ്പെടുത്തിയിരിക്കുന്നു.

**കോഴ്സ്ഫീസ്**

29-3-2003-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 470/2003/ഉ.വി.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് ആകെ 650 രൂപയാണ്. രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, കരുതൽ തുക, (ക്വാഷൻ മണി) പരീക്ഷാഫീസ് എന്നിവ മേൽപറഞ്ഞിട്ടുള്ള തുകയിൽ ഉൾപ്പെടും. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കോഴ്സ്ഫീസ് നൽകേണ്ടതില്ല. അവർ കരുതൽ തുകയായി 200 രൂപ മാത്രം നൽകിയാൽ മതി.

**സീറ്റുകളുടെ ലഭ്യത—വിഭജനം**

സി.എൽ.ഐ.എസ്.സി. കോഴ്സിന് 41 (നാല്പത്തൊന്ന്) സീറ്റുകളാണ് ആകെയുള്ളത്. അവ താഴെപ്പറയും പ്രകാരം വിഭജിച്ചു നൽകുന്നതാണ്:

| ക്രമ നമ്പർ | വിഭാഗം | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ജനറൽ മെരിറ്റ് | 18 |
| 2 | കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് | 2 |
| 3 | ലൈബ്രറി എംപ്ലോയീസ് | 1 |
| 4 | ലക്ഷദ്വീപ് നിവാസികൾ | 2 |
| 5 | കന്നട ഭാഷ പഠിച്ച വിദ്യാർത്ഥികൾ | 3 |
| 6 | തമിഴ് ഭാഷ പഠിച്ച വിദ്യാർത്ഥികൾ | 2 |
| 7 | പട്ടികജാതി വിദ്യാർത്ഥികൾ | 3 |
| 8 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | 1 |
| 9 | ഈഴവ | 2 |
| 10 | മുസ്ലീം | 2 |
| 11 | ലാറ്റിൻ കാത്തലിക് | 1 |
| 12 | എസ്.ഐ.യു.സി.-ക്കും മതപരിവർത്തനം നടത്തിയിട്ടുള്ള ക്രിസ്ത്യൻ എസ്.സി./എസ്.റ്റി. | 1 |
| 13 | മറ്റ് പിന്നോക്ക ഹിന്ദുക്കൾ | 2 |
| 14 | അംഗവൈകല്യമുള്ളവർ | 1 |
| | **ആകെ** | **41** |

മേൽപറഞ്ഞിട്ടുള്ള സീറ്റ് വിഭജനക്രമത്തിൽ 4, 5, 6 പ്രകാരമുള്ള വിദ്യാർത്ഥികളെ ലഭ്യമായില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ 2:1 അനുപാതത്തിൽ 2,3 എന്നീ വിഭാഗങ്ങൾക്ക് നൽകുന്നതാണ്. സീറ്റ് വിഭജനക്രമത്തിൽ 2, 3, 6 പ്രകാരമുള്ള അപേക്ഷകർ ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ജനറൽ മെരിറ്റിലെ വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. വികലാംഗരുടെ ക്വാട്ടയിലെ പ്രവേശനത്തിനായി ഒന്നിലധികം ഏതു തരത്തിലുള്ള വികലാംഗരുടെ അപേക്ഷകൾ ഉണ്ടെങ്കിലും ഈ സീറ്റിലേക്ക് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതാണ്.

സാമുദായിക സംവരണത്തിന് അർഹതപ്പെട്ടവർ ഇന്റർവ്യൂ സമയത്ത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിനുള്ള അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിച്ച് യോഗ്യതാ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ മാർക്ക്‌ലിസ്റ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ **2017 ജൂ[illegible] 30-ന് വൈകിട്ട് 5 മണിക്ക്** മുമ്പായി സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, പാളയം, തിരുവനന്തപുരം-33 എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ജി.ഒ. (എംഎസ്.) നമ്പർ 221/86/ഉ.വി.വ. തീയതി 29-8-1986 പ്രകാരം സർക്കാർ നിയോഗിച്ചിട്ടുള്ള ജോയിന്റ് പരീക്ഷാ കമ്മീഷണർ ചെയർമാനും സ്റ്റേറ്റ് ലൈബ്രേറിയൻ കൺവീനറും ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവരുടെ പ്രതിനിധികൾ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റിയായിരിക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. **2017 ആഗസ്റ്റ് മാസം രണ്ടാം വാരം** ക്ലാസ്സുകൾ ആരംഭിക്കുന്നതായിരിക്കും.

(ഒപ്പ്)

സ്റ്റേറ്റ് ലൈബ്രേറിയൻ.

GCPT. 42/2723/2015/400/S-13.